©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2026 ഫെബ്രുവരി 18
18th February 2026
1201 കുംഭം 6
6th Kumbham 1201
1947 മാഘം 29
29th Magha 1947

നമ്പർ
No.
682

കേരള സർക്കാർ

വ്യവസായ (ബി) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 6/2026/വ്യവ. *തിരുവനന്തപുരം, 2026 ജനുവരി, 22*
1201 മകരം, 8
1947 മാഘം, 2.

എസ്. ആർ. ഒ. നമ്പർ 208/2026

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5) 2-ാം വകുപ്പ് (എഫ്) ഖണ്ഡവും 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരവും നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെ പട്ടിക II-ൽ പ്രസ്താവിച്ചിട്ടുള്ള, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിൽ ബേള, നീർച്ചാൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വില്ലേജുകളിലെ എം/എസ് മുണ്ടോൾ ഇൻഡസ്ട്രിയൽ പാർക്ക് എൽ. എൽ. പി.-യുടെ ഉടമസ്ഥതയിലും കൈവശാവകാശത്തിലുമുള്ള 12 ഏക്കർ ഭൂമി സംസ്ഥാനത്തെ ഒരു വ്യവസായ പ്രദേശമായി ഇതിനാൽ പ്രഖ്യാപിക്കുകയും പ്രസ്തുത പ്രദേശത്തിൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും, ആധുനികവത്ക്കരിക്കുന്നതിനും വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായി വരുന്ന വിവിധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ എന്നിവ അവയുടെ പുതുക്കൽ ഉൾപ്പെടെ വേഗത്തിൽ നൽകുന്നതിനായി പ്രസ്തുത പ്രദേശത്തിനുവേണ്ടി താഴെ പട്ടിക I-ൽ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് "കാസർഗോഡ് എം/എസ് മുണ്ടോൾ ഇൻഡസ്ട്രിയൽ പാർക്ക് എൽ. എൽ. പി. ഏകജാലക ക്ലിയറൻസ് ബോർഡ് " എന്ന പേരിൽ ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുകയും ചെയ്യുന്നു, അതായത്:—

പട്ടിക I

(എ) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കാസർഗോഡ് (വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നോമിനി);

(ബി) ജില്ലാ കളക്ടർ, കാസർഗോഡ്;

(സി) മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കാസർഗോഡ് (ജില്ലയിലെ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നോഡൽ ഓഫീസർ);

(ഡി) അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ, കാസർഗോഡ് (പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ നിയുക്ത അധികാര സ്ഥാനം);

(ഇ) ജില്ലാ ഓഫീസർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കാസർഗോഡ്;

(എഫ്) ജില്ലാ ഓഫീസർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കാസർഗോഡ്;

(ജി) ജില്ലാ ഓഫീസർ, നഗര ഗ്രാമാസൂത്രണ വകുപ്പ്, കാസർഗോഡ്;

(എച്ച്) ജില്ലാ മെഡിക്കൽ ഓഫീസർ, കാസർഗോഡ്;

(ഐ) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, കാസർഗോഡ്;

(ജെ) ജില്ലാ ഓഫീസർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്, കാസർഗോഡ്;

(കെ) ഡിവിഷണൽ ഓഫീസർ, അഗ്നിശമന രക്ഷാസേവന വകുപ്പ്, കാസർഗോഡ്;

(എൽ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കാസർഗോഡ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എം) ജില്ലാ ലേബർ ഓഫീസർ, കാസർഗോഡ്;

(എൻ) ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്, കാസർഗോഡ്;

(ഒ) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള ജല അതോറിറ്റി, കാസർഗോഡ്;

(പി) സെക്രട്ടറി, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, കാസർഗോഡ്;

(ക്യു) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കാസർഗോഡ്;

(ആർ) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കാസർഗോഡ്.

പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ്, (6)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധന പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എം/എസ് മുണ്ടോൾ ഇൻഡസ്ട്രിയൽ പാർക്ക് എൽ. എൽ. പി., കാസർഗോഡ് ബോർഡിലെ പ്രത്യേക ക്ഷണിതാവായിരിക്കുന്നതാണ്.

പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ്, (4)-ാം ഉപവകുപ്പ് പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ, ബോർഡിന്റെ ചെയർമാനും, ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കാസർഗോഡ് ബോർഡിന്റെ കൺവീനറുമായിരിക്കുന്നതാണ്.

പട്ടിക II

ജില്ല— കാസർഗോഡ്.

താലൂക്ക്— കാസർഗോഡ്. *വില്ലേജ്*—ബേള & നീർച്ചാൽ.

ബ്ലോക്ക് നമ്പർ—001 (നീർച്ചാൽ വില്ലേജ്) & 001 (ബേള വില്ലേജ്). *തണ്ടപേർ നമ്പർ*—7369 (നീർച്ചാൽ വില്ലേജ്), 11127 (ബേള വില്ലേജ്).

ക്രമനമ്പർ	*സർവ്വേ/റീസർവ്വേ നമ്പർ*	*ഭൂവിസ്തൃതി (ഏക്കർ)*
1	നീർച്ചാൽ വില്ലേജ് സർവ്വേ നമ്പർ 182, 183 (തണ്ടപേർ 7369) & ബേള വില്ലേജ് സർവ്വേ നമ്പർ 95, 97 (തണ്ടപേർ 11127)	12
	ആകെ	**12**

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. പി. എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.,
ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതുവായ ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5) 2-ാം വകുപ്പ് (എഫ്) ഖണ്ഡപ്രകാരം സംസ്ഥാനത്തെ ഏതു പ്രദേശത്തേയും വ്യാവസായിക പ്രദേശമായി പ്രഖ്യാപിക്കാവുന്നതും ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത പ്രദേശത്തിനുവേണ്ടി ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതുമാണ്. അപ്രകാരം കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിൽ ബേള ആന്റ് നീർച്ചാൽ വില്ലേജുകളിലെ എം/എസ് മുണ്ടോൾ ഇൻഡസ്ട്രിയൽ പാർക്ക് എൽ. എൽ. പി.-യുടെ ഉടമസ്ഥതയിലും കൈവശാവകാശത്തിലുമുള്ള 12 ഏക്കർ ഭൂമി ഒരു വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുവാനും പ്രസ്തുത പ്രദേശത്തിനുവേണ്ടി "കാസർഗോഡ് എം/എസ് മുണ്ടോൾ ഇൻഡസ്ട്രിയൽ പാർക്ക് എൽ. എൽ. പി. ഏകജാലക ക്ലിയറൻസ് ബോർഡ് " രൂപീകരിക്കുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

Industries (B) Department

NOTIFICATION

G. O. (P) No. 6/2026/ID. *Dated, Thiruvananthapuram, 22nd January, 2026*
8th Makaram, 1201
2nd Makha, 1947.

S. R. O. No. 208/2026

In exercise of the powers conferred by clause (f) of section 2 and sub-section (1) of section 5 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000) the Government of Kerala hereby declare an area of 12 acres of land owned and possessed by M/s Mundol Industrial Park LLP in Bela and Neerchal Villages in Kasaragod Taluk in Kasaragod District as specified in Schedule II below to be an industrial area of the State and constitute a Single Window Clearance Board for the said area to be known as "Kasaragod M/s Mundol Industrial Park LLP Single Window Clearance Board" for the purpose of speedy issue of various licenses, clearances or certificates including renewal thereof required under various State enactments for setting up, running, expansion, diversification and modernisation of enterprises with the following members mentioned in the Schedule I below, namely:—

SCHEDULE I

(a) General Manager, District Industries Centre, Kasaragod (Nominee of the Principal Secretary to Government, Industries Department);

(b) District Collector, Kasaragod;

(c) Manager, District Industries Centre, Kasaragod (District Nodal Officer, Private Industrial Estate);

(d) Assistant District Industries Officer, Kasaragod (Designated Authority where the Private Industrial Estate situates);

(e) District Officer, Kerala State Pollution Control Board, Kasaragod;

(f) District Officer, Electrical Inspectorate, Kasaragod;

(g) District Officer, Town and Country Planning Department Kasaragod;

(h) District Medical Officer, Kasaragod;

(i) Deputy Chief Engineer, Kerala State Electricity Board Limited, Kasaragod;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(j) District Officer, Factories and Boilers Department, Kasaragod;

(k) Divisional Officer, Department of Fire and Rescue Service, Kasaragod;

(l) Divisional Forest Officer, Kasaragod;

(m) District Labour Officer, Kasaragod;

(n) Deputy Commissioner, State Goods and Service Tax Department, Kasaragod;

(o) Executive Engineer, Kerala Water Authority, Kasaragod;

(p) Secretary, District Tourism Promotion Council, Kasaragod;

(q) General Manager, District Industries Centre, Kasaragod;

(r) General Manager, District Industries Centre, Kasaragod.

The Chief Executive Officer, M/s Mundol Industrial Park LLP, Kasaragod shall be a special invitee to the Board under proviso to sub-section (6) of section 5 of the said Act.

The District Collector, Kasaragod shall be the Chairman of the Board and the General Manager, District Industries Centre, Kasaragod shall be the Convenor of the Board under sub-section (4) of section 5 of the said Act.

SCHEDULE II

District— Kasaragod.

Taluk— Kasaragod. *Village*—Bela & Neerchal.

Block No.—001(Neerchal Village), 001 (Bela Village). *Thandaper No.*—7369 (Neerchal Village) & 11127 (Bela Village).

Sl.No.	*Survey/Resurvey No.*	*Extent of land (In Acres)*
1	Neerchal Village Sy. Nos. 182,183 (Thandaper 7369) & Bela Village Sy. Nos. 95, 97 (Thandaper 11127)	12
	Total	**12**

By order of the Governor,

A. P. M. MOHAMMED HANISH I. A. S.,
Additional Chief Secretary to Government.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

As per clause (f) of section 2 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000), the Government may declare any area in the State to be an industrial area and constitute the Single Window Clearance Board for the said area as per sub-section (1) of section 5 of the said Act. Accordingly, the Government have decided to declare an area of 12 Acres of land owned and possessed by M/s Mundol Industrial Park LLP in Bela and Neerchal Villages in Kasaragod Taluk in Kasaragod District to be an Industrial area of the State and to constitute "Kasaragod M/s Mundol Industrial Park LLP Single Window Clearance Board" for the said area.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.18 08:59:56 +05:30